# വെളിച്ചം

എം. പി. പ്രതീഷ്



വെളിച്ചം

എം. പി. പ്രതീഷ്
(മലയാളം: കവിത)

© 2025, M. P. Pratheesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Photograph by M. P. Pratheesh.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


| | | |
|---|---|---|
| 1 | വെളിച്ചം . . . . . . . . . . . . . . . . | 4 |
| 2 | മരങ്ങളുടെ ഭാഷ . . . . . . . . . | 5 |
| 3 | ഒഴിഞ്ഞ സ്ഥലം . . . . . . . . . | 6 |
| 4 | നൂലിഴയായി . . . . . . . . . . . . | 7 |
| 5 | ഇലകൾ . . . . . . . . . . . . . . . | 8 |
| 6 | കഴുകുന്നു . . . . . . . . . . . . . . . | 9 |
| 7 | രണ്ടു വാക്യങ്ങൾ . . . . . . . . . | 10 |
| 8 | അടയാളം . . . . . . . . . . . . . . | 11 |
| 9 | കണ്ണാടികൾ . . . . . . . . . . . . | 12 |
| 10 | തേൻ . . . . . . . . . . . . . . . . . | 13 |
| 11 | തേനീച്ചക്ക് . . . . . . . . . . . . . | 14 |
| 12 | പുഴുവിന് . . . . . . . . . . . . . . . | 15 |
| 13 | പാറ്റയ്ക്ക് . . . . . . . . . . . . . . . . | 16 |
| 14 | ഇരുപുറം . . . . . . . . . . . . . . . | 17 |
| 15 | ഒരു പാറയിൽ... . . . . . . . . . . | 18 |
| 16 | ഒരു നാരിഴ കൊണ്ട് . . . . . . | 19 |
| 17 | ചെറുസുഷിരങ്ങൾ . . . . . . . . | 20 |
| 18 | കല്ലിനെ നോക്കൂ . . . . . . . . . | 21 |
| 19 | അമ്മ . . . . . . . . . . . . . . . . . | 22 |
| 20 | അകലെ . . . . . . . . . . . . . . . | 23 |

## 1

# വെളിച്ചം

മരണങ്ങളിൽനിന്ന് വെളിച്ചം ഉണ്ടാവുകയും വെളിച്ചം ഇലകളിൽ പുരളുകയും ചെയ്തു. അതിനാൽ മരങ്ങളിൽ ഒരിക്കലും രാത്രിയായില്ല. ഒരിക്കലും മരണമില്ലാതെയായില്ല. അവയുടെ കൊമ്പുകൾ വെള്ളത്തിലേക്ക് താഴ്ന്നുകിടന്നു. മൃഗങ്ങൾ ഒരേ വഴിയിൽ ഓർമ്മവച്ചു. കാറ്റുകൾ ആദ്യ മാസങ്ങളിൽ വടക്കുകിഴക്കേ ചെരിവിലേക്കും ആമകൾ മണൽത്തിട്ടയിലേക്കും പൂമ്പാറ്റച്ചിറകുകൾ ഭൂമിയുടെ രണ്ടറ്റങ്ങളിലേക്കും വേർപ്പെട്ടു. നാലാമത്തെ മാസം ഒന്നും മടങ്ങിവന്നില്ല. മുട്ടകൾക്ക് ചുറ്റിനും മനുഷ്യർ കൂട്ടംകൂടിയിരുന്നു. കടലിൽ തീപടരുന്നതു കണ്ടു.

[ആഴത്തിലേക്ക്]

വെള്ളത്തിലേക്ക്]        [താഴ്ന്ന

മരക്കൊമ്പ്]        [ഭൂമിയുടെ

മീതെ]        [വളരുന്ന

ചന്ദ്രന്റെ]        [നിഴൽ

ആഴത്തിലേക്ക്]        [ഈ

ഭാഷകൾ]

## 2

# മരങ്ങളുടെ ഭാഷ

ഈ കുളത്തിൽ ഒന്നു മുങ്ങുമ്പോൾ ആ മരത്തിൽ പാർക്കുന്ന കിളിയും ഒപ്പം മുങ്ങുന്നു. മുങ്ങിനിവരുമ്പോൾ നോക്കൂ, കിളി, ഒട്ടും നനയാതെ. വെളിച്ചം വറ്റാതെ. വെള്ളത്തിനുമീതെ തങ്ങിനിൽക്കുന്നു, ഏറ്റവും ഭാരമേറിയ പദാർത്ഥങ്ങൾ. ശലഭങ്ങളുടെ ദുഃഖം. ഗ്രഹങ്ങളുടെ നിഴൽ. കടപുഴകിയ വൻമരങ്ങൾ. ആ പൊത്തിനുള്ളിൽ എന്താണുണ്ടാവുക? രണ്ടു കിളികൾ, ഒരു വിഷപ്പാമ്പ് അല്ലെങ്കിൽ ഈ മൂന്നു വരികൾ. മരങ്ങളുടെ ഭാഷയിൽ മൂന്നുതരം ലിപികളുണ്ട്. അതിനാൽ മരങ്ങളുടെ ഭാഷ എപ്പോഴും മറഞ്ഞിരിക്കുന്നു. അതിന്റെ വാക്കുകൾക്കും പൊരുളുകൾക്കും ചുറ്റും ഗ്രഹങ്ങളും കിളികളും മനുഷ്യരും വലംവയ്ക്കുന്നു. രാത്രിയിൽ കിളികൾ അവയുടെ പൊത്തുകളിലും കൂടുകളിലും ആയിരിക്കുമെന്ന് നാം വിചാരിച്ചു.

എന്നാൽ അവ ഭൂമിക്കടിയിൽ വെളിച്ചം തട്ടാത്ത ചെറിയ അറകളിൽ ആയിരുന്നു. ഭൂമിക്കുമീതെ വിരിയാനുള്ള മുട്ടകളിലും പെറുക്കിവച്ച അരിമണികളിലും ഇരുണ്ട നിഴലുകൾ വീണു.

## — 3 —

# ഒഴിഞ്ഞ സ്ഥലം

ചായം പുരണ്ട ചിറകുകളെക്കാൾ വേഗത്തിൽ പൂമ്പാറ്റയുടെ ഉടൽ അഴുകുന്നു. അങ്ങനെ സൂര്യന് കടന്നുപോവാൻ മാത്രം വലിപ്പത്തിൽ ഒഴിഞ്ഞ സ്ഥലം ഉണ്ടായി.

# 4

# നൂലിഴയായി

രാത്രി മറ്റൊരു രാത്രിയിലേക്ക് പടർന്ന
ഇടയിൽ ഒരു നൂലിഴയായി മരണങ്ങൾ
അവ ചുരത്തുന്ന പ്രകാശം

കഴിയാവുന്നത്ര അകലത്ത് പോവുന്ന

കുറ്റിക്കാടുകൾക്കിടയിൽ

പുല്ലുകൾ വകഞ്ഞ്

ഇരുണ്ട പാറക്കല്ലുകളിൽ

മുഖം നോക്കുന്ന

ഉച്ചവെയിലിലിരിക്കുന്ന

കഴിയാവുന്നത്ര മാഞ്ഞുപോകുന്ന

പെട്ടെന്ന് കിളികൾ പ്രത്യക്ഷപ്പെട്ട-

ഈ പാടത്ത് തങ്ങിനിൽക്കുന്ന
വെള്ളത്തിനുമീതെ
വെള്ളത്തിൽ തൊടാതെ
വായുവിൽ
ഭൂതകാലത്തെ ഭൂമിയിൽ

ഈ വെള്ളത്തിലാഴ്ന്ന
മരച്ചില്ലകളുടെ ആകൃതി
തിരഞ്ഞുതിരഞ്ഞ്

ദ്രവിക്കുന്ന കൊമ്പുകളിൽ
പൂപ്പലിന്റെ കാടുകൾക്കുള്ളിൽ
സ്വന്തം കൂടുകളിൽ-

ഇപ്പോഴുമുണ്ടോ
കാറ്റിന്റെ അടയാളം

## 5

# ഇലകൾ

ഇലകളെന്തിനാണ്
പ്രകാശത്തെ
മറച്ചുപിടിക്കുന്നു
ഇലകളെന്തിനാണ് ദുഃഖത്തെ
പൊതിഞ്ഞു പിടിക്കുന്നു
കിളികളെന്തിനാണ്
അകലത്തിന്റെ ഭാഷ
കൊത്തിക്കൊണ്ടുവന്നു
കല്ലുകളിലും ഒഴുകുന്ന
വെള്ളത്തിലും വീണുകിടന്ന
ഇരുട്ടിൽ അകലത്തിന്റെ
വാക്കുകൾ
കല്ലുകൾക്കുചുറ്റിലും
ഒരു പുഴവിനു ചുറ്റിലും
നേർത്ത
പ്രകാശത്തിന്റെ
വലയം എന്റെ ചുറ്റിലും
അനന്തമായ ഇരുളിന്റെ
നൃത്തം
ഇലകളെന്തിനാണ് ദുഃഖത്തെ
മൂടിവയ്ക്കുന്നു
ഇലകളെന്തിനാണ്
പ്രകാശത്തിൽനിന്ന്
അകലത്തിന്റെ
വാക്കുകൾ വേർതിരിക്കുന്നു

## 6

# കഴുകുന്നു

അതിനു വേദനിക്കരുത്
പാത്രത്തിൽ വെള്ളം
കുതിർന്ന തുണി
നന്നായി മുക്കിപ്പിഴിഞ്ഞു തുടച്ച്
മുറിവിനു മീതെ വീണ പൊടി നീങ്ങുന്നു
രണ്ടുമൂന്നു തവണ ആവർത്തിക്കുന്നു
ചില്ലയുടെ ഒരറ്റത്ത് ഇടതുകൈ
കൊണ്ട് മുറുക്കിപ്പിടിക്കു
കൂടുകൾ വേർപെടുകയോ കിളികൾ
ഉണരുകയോ ചെയ്യരുത്

# 7

## രണ്ടു വാക്യങ്ങൾ

സൂര്യനും ഭൂമിക്കുമിടയിൽ
ദീർഘവലയങ്ങളിൽ
പായൽ പറ്റിച്ചേർന്നു വളരുന്ന കരിങ്കല്ല്
നാലുനാഴികനേരം
ഭൂമിയിൽ നിഴലുവീഴ്ത്തുന്നു

2

പൊടിപടലങ്ങളിൽനിന്ന് പൂമ്പാറ്റകൾ
പൊടിപടലങ്ങളിൽനിന്ന് ഭൂമിയുടെ നിറം
പൊടിപടലങ്ങളിൽനിന്ന് ദൈവം
സൂര്യനെ വേർതിരിക്കുകയാണ്

## 8

# അടയാളം

വിരലുകളിൽ പൂമ്പൊടി; വിരലുകളിൽ വെളി
ച്ചം; വിരലുകളിൽ നീലനിറം; വിരലുകളിൽ
രാത്രി; വിരലുകളിൽ മൃഗത്താരകൾ; വിരലുക
ളിൽ നക്ഷത്രങ്ങളിലേക്ക വലിഞ്ഞുമുറുകിയ ചു
റ്റുവഴികളുടെ തമ്മിൽപ്പിണഞ്ഞ വലയങ്ങൾ;

ഏതു ദിക്കിലായിരുന്നുവെന്ന് ഓർമ കിട്ടാത്ത
സ്ഥലത്തിന് ഒരടയാളമെന്നോണം
വിരലുകളിൽ പൊടിപടലങ്ങൾ.

പൂമ്പാറ്റകൾക്ക് ആകൃതിയില്ല
നിറം പ്രതിഫലിപ്പിക്കാനുള്ള വർണ്ണവസ്തുക്കൾ
അവയുടെ ശരീരത്തിലില്ല
പൂമ്പാറ്റകൾ പറക്കുകയില്ല
ഒരു വൻകരയിൽനിന്ന് മറ്റൊന്നിലേക്ക്
യാത്ര ചെയ്യുകയില്ല
വെള്ളത്തെയും വായുവിനെയും പോലെ
പൂമ്പാറ്റകൾ
ഭൂമിയിൽ കലർന്നു കഴിയുന്നു-
കല്ലിൽ
മരങ്ങളിൽ
പഴങ്ങളിൽ
ഇരുമ്പുപലകയിൽ

# — 9 —

# കണ്ണാടികൾ

ഈ വെള്ളക്കെട്ടിൽ എണ്ണമറ്റ ചെറുമീനുകൾക്കിട യിൽ നീ കഴിയുന്നു. എന്നാൽ നീ മീനായിരുന്നില്ല. അവയെപ്പോലെ മുകൾപ്പരപ്പിൽ ഇടയ്ക്കിടെ പൊന്തിവന്ന് ശ്വാസം കളയുന്നു. എന്നാൽ നീ മീനായിരുന്നില്ല. നിനക്ക് ചിറകുകൾ ഉണ്ട്. നിനക്ക് രണ്ട് ചെറു കൊമ്പുകൾ ഉണ്ട്. നിനക്ക് ചെതുമ്പലുകളും തുഴവാലുമുണ്ട്. പകൽ മുഴുവൻ നീ വെള്ളത്തിന്റെ അടിത്തട്ടിൽ മറഞ്ഞുകഴിയുന്നു. സന്ധ്യയിൽ, പിന്നെ രാത്രി മുഴുവനും, നീ മേൽപ്പരപ്പിൽ വന്ന് അനങ്ങാതെ കിടന്നു. ഇരുട്ടിൽ, ചുറ്റിനും വളരുന്ന മരങ്ങളുടെ പള്ളയിലും കൊമ്പുകളിലും പതിനായിരമിലകളിലും നിന്റെ ആകൃതി തെളിഞ്ഞുനിന്നു. മേഘങ്ങൾ നിറഞ്ഞ നേരങ്ങളിൽ ചിലപ്പോൾ വളഞ്ഞ ആകാശച്ചെരുവിലും നിന്റെ രൂപം ഇളകിക്കൊണ്ടിരുന്നു. രാത്രിയായിരുന്നു, രാത്രിയുടെ നിഴലുകളായിരുന്നു, നിനക്ക് കണ്ണാടി.

## 10

# തേൻ

പാറയിൽനിന്ന് കടൽവെള്ളം

പൂവിൽനിന്ന് രാത്രി

അകലങ്ങളിൽനിന്ന് അകലങ്ങൾ

ഓരോ അറയിലും

ഓരോ അറയിലും

തേനീച്ചകൾ

മൗനത്തിന്റെ തേൻ

കൊണ്ടുവച്ചു

# 11

## തേനീച്ചക്ക്

ഭൂമിയുടെ ചുറ്റിനും നീ മൂളുന്നു
ഉറങ്ങുന്ന മലകളിൽനിന്ന്
മധുരം കൊണ്ടുവരുന്നു
ചോലയിൽനിന്ന് നൃത്തം കൊണ്ടുവരുന്നു
വെയിലിൽ എന്റെ ഓരോ മുഖവും
നോക്കിനിൽക്കുന്നു

## 12

# പുഴുവിന്

ഈയിലയ്ക്കുതാഴെച്ചന്ദ്രനും ഈയിലയ്ക്കുമീതെ ഭൂ
മിയും പാർക്കുന്നതിനാൽ നിനക്കെപ്പോഴും രാ
ത്രിയിൽത്തന്നെ ഒട്ടിക്കിടക്കേണ്ടിവരുന്നു
സുഷിരങ്ങളുള്ള കരിമ്പടത്തിനുള്ളിൽ
ഉറക്കമൊഴിച്ച നീ
രണ്ടു ചിറകുണ്ടാക്കുന്നു

# 13
## പാറ്റയ്ക്ക്

മഴവെള്ളത്തിൽ നിനക്ക് പ്രേമമുണ്ടായി
നിന്റെ ഭാരത്താൽ ഈ
മുറ്റം താഴ്ന്നുതാഴ്ന്നുപോയി
നോക്ക്, എല്ലാ ഗ്രഹങ്ങളും ഇവിടേക്ക്
ചെരിഞ്ഞുവീഴുന്നു

കിളികൾക്ക് മാത്രമായി ദുഃഖമില്ല, കാടുകളിൽ നിന്നും വീടിനരികിലെ മരങ്ങളിൽനിന്നും അവ യിൽക്കലരുന്നു. മീനുകൾക്കും രാപ്പാറ്റകൾ ക്കും ചീവീടുകൾക്കും മാത്രമായി ദുഃഖമില്ല, തോ ടുകളിൽനിന്നും രാത്രികളിൽനിന്നും മഴക്കാല ങ്ങളിൽനിന്നും അവയിൽപ്പടരുന്നു. ചെരിപ്പി നും തുവാലകൾക്കും വരാന്തകൾക്കും മാത്ര മായി ദുഃഖമില്ല, തണുത്ത പാദങ്ങളിൽനിന്നും കരഞ്ഞുകുതിർന്ന മുഖങ്ങളിൽനിന്നും തീപിടിച്ച വീടുകളിൽനിന്നും അവയിൽ പറ്റിപ്പിടിക്കുന്നു. നോട്ടുപുസ്തകങ്ങൾക്കും കാറ്റാടികൾക്കും പി ഞ്ഞാണപ്പാത്രങ്ങൾക്കും മെഴുതിരികൾക്കും മുടിപ്പിന്നുകൾക്കും നീണ്ട കൈയിലുകൾക്കും പ്ലാസ്റ്റിക് ബക്കറ്റിനും മാത്രമായി ദുഃഖമില്ല, മരി ച്ചവരിൽനിന്നും കാണാതായവരിൽനിന്നും പിറക്കാനിരിക്കുന്നവരിൽനിന്നും ഒഴിഞ്ഞ ദി ക്കുകളിൽനിന്നും വിദൂരമായ മേഘങ്ങളിൽനി ന്നും തീരാത്ത തീരാത്ത ദാഹങ്ങളിൽനിന്നും അവയിൽ കുരുങ്ങുന്നു. കൈവെള്ളയിൽ മഷി, ഉടുപ്പിൽ കണ്ണുനീര്, കടലാസിൽ ഉടലിന്നുൾ ച്ചോരയെന്നപോലെ, ഒച്ചയനക്കമില്ലാതെ, പക്ഷേ, ധൃതിയിൽ.

## 14

# ഇരുപുറം

മരണത്തിനിരുവശത്തേക്കും
അനായാസം നീണ്ടുവളരുവാൻ
മരിച്ചുപോയവർക്കാവും
വെള്ളത്തിലും തീയിലും
പറക്കുവാൻ കിളികൾക്ക്
മഴയത്തുമണയാതെ കാറ്റുകൾ
കെട്ടിയുറപ്പിച്ച കപ്പൽപ്പായകൾ
ചില്ലിനു മുമ്പിലും പിറകിലും
എന്നെ കാണിച്ചുതന്നു
രസം പുരട്ടിയ കണ്ണാടികൾ
ഞാൻ ഒരു ദിക്കിനെ ഓർമ്മിക്കുകയും
അപ്പോൾത്തന്നെ മറന്നുപോവുകയും ചെയ്തു
മരണം കഴിഞ്ഞും ഞാൻ ജീവിച്ചു
മറ്റൊരു ഭാഷയിലെ വാക്കുച്ചരിച്ചു
അതിന്റെയർത്ഥം കല്ല് എന്നോ
കടൽവെള്ളം എന്നോ ആയിരുന്നു
ഇപ്പോൾ എല്ലാമെല്ലാം മടങ്ങിവന്നിരിക്കുന്നു
ഞാൻ ഈ ചുമരിൽ മുട്ടിവിളിച്ചുകൊണ്ടിരുന്നു

## 15

# ഒരു പാറയിൽ വിരലോടിക്കുന്നു

ഒരു പാറയിൽ വിരലോടിക്കുന്നു
പാറയിൽ വളർന്ന പായലിൽ
വിരലോടിക്കുന്നു
കാറ്റിൽ മരച്ചില്ലകളുലയുന്നതും
കാറ്റിൽ ഇലപൊഴിഞ്ഞ
മരച്ചില്ലകൾ തമ്മിലിടിക്കുന്നതും
ഭാരമുള്ള കിളികൾ താഴേക്ക്
പറന്നിറങ്ങുന്നതും
ഭാരം കുറഞ്ഞ കിളികൾ മണ്ണിലിറങ്ങുന്നതും
പച്ചക്കായ്കൾ വീഴാതെ നിൽക്കുന്നതും
പഴുത്ത നിറംപകർന്ന കായ്കൾ
വീഴാതെ നിൽക്കുന്നതും
രണ്ടുതരം ശബ്ദങ്ങൾ വരുന്നു
രണ്ടുതരം കാതുകൾ എന്നിൽ വളരുന്നു
മുറിവുകൾ ഉണങ്ങാതെ നിൽക്കുന്നു
മുറിവുകൾ പതുക്കെ ഉണങ്ങുന്നു

# 16

## ഒരു നാരിഴ കൊണ്ട്

പൂമ്പാറ്റകൾ ചതുപ്പിൽനിന്ന്
അവയുടെ ചിറകുകൾ കണ്ടെത്തുന്നു
കാറ്റിൽ മരക്കൊമ്പുകൾ തമ്മിലിടിക്കുന്നത്
കേൾക്കുന്നു
രാത്രി മുഴുവൻ മഴതട്ടുന്നു
രാവിലെ പതിനായിരം കൊല്ലത്തെ
കാര്യങ്ങൾ ഓർക്കുന്നു
ഒരൊറ്റ നാരിഴകൊണ്ട് വിട്ടുപോയ
ചിറകുകൾ തുന്നിച്ചേർക്കുന്നു

# 17

# ചെറുസുഷിരങ്ങൾ

പാറയിൽ ചെറുസുഷിരങ്ങളുണ്ട്
വെളിച്ചവും ഇരുട്ടും അതിലൂടെ
ഉള്ളിലേക്ക് കടക്കുന്നു
പായൽ അങ്ങിങ്ങായി പടർന്നു
പാറയിൽനിന്ന് രാത്രിയിൽ
പറവകൾ പുറത്തിറങ്ങി
വയൽക്കരയിൽ തീറ്റതേടുന്നു
നെല്ലിനിടയിൽ കാട്ടുപഴങ്ങൾ
കടിച്ചുപേക്ഷിക്കുന്നു

## 18

# കല്ലിനെ നോക്കൂ

കല്ലിൽ വളർന്ന പായലിനെയുണർത്താതെ
 കല്ലിനെ നോക്കൂ

കിളികളെ മായ്ച്ച് പാറക്കെട്ടുകൾ വരഞ്ഞു
പാറക്കെട്ടുകൾ മായ്ച്ച്
കടൽവെള്ളം വരഞ്ഞു
കടൽവെള്ളത്തിൽ കിളികൾ
പറന്നുപോകുന്നതിന്റെ
നിഴൽ വീഴുന്നു

ഈ മരക്കൊമ്പ് ഇനി ഏതു
ദിക്കിലേക്കാണ് വളരുന്നത്
നീ ഇപ്പോൾ ഭൂമിക്കടിയിലും
അന്യനാട്ടിലും പാർക്കുകയാണ്
ഒരു പറവ ഇവിടെ കൂടുണ്ടാക്കുന്നു
ഒരിഞ്ചു നീളം കഴിഞ്ഞ് ഈ ചില്ല
രണ്ടായിപ്പിരിയുന്നു, വളരുന്നു

# 19

## അമ്മ

എന്റെ സ്വപ്നത്തിൽ അമ്മ എന്നെ സ്വപ്നം
കാണുകയായിരുന്നു അമ്മയുടെ സ്വപ്നത്തിൽ
ഞാൻ അമ്മയെ സ്വപ്നം കാണുകയായിരുന്നു
എന്റെ സ്വപ്നത്തിൽ ഞാൻ അമ്മയെ
സ്വപ്നം കാണുകയായിരുന്നു
അമ്മയുടെ സ്വപ്നത്തിൽ ഞാൻ എന്നെ
സ്വപ്നം കാണുകയായിരുന്നു
എന്റെ സ്വപ്നത്തിനുള്ളിൽ
അമ്മയുടെ സ്വപ്നത്തിനുള്ളിൽ
എന്റെ സ്വപ്നത്തിനുള്ളിൽ
ഞാൻ ഒരു കുടത്തിൽ നിറഞ്ഞ വെള്ളത്തെ
സ്വപ്നം കാണുകയായിരുന്നു
അമ്മയുടെ സ്വപ്നത്തിനുള്ളിൽ ഒരു കുടത്തിൽ
നിറഞ്ഞ വെള്ളത്തിലേക്ക് ഞാൻ നോക്കി
നിൽക്കുകയായിരുന്നു
ഞാൻ കണ്ടതുപോലെ അമ്മയും ഈ
കുടത്തിലെ വെള്ളം
കാറ്റിൽ പതുക്കെ ഇടറുന്നത് കണ്ടു


## 20

# അകലെ

വെള്ളത്തിന് എത്ര അകലേയ്ക്കും
യാത്ര ചെയ്യാനാവും
മനുഷ്യർക്ക് ഈ ഗ്രഹത്തിൽ നിന്ന്
ആ ധൂമകേതുവിലേക്ക് മാത്രം
ഈ ഭൂമിയിലെ വെള്ളം നിത്യവും സൂര്യനോളം
പോയി മടങ്ങിവന്ന് ഈ പാറയ്ക്കുള്ളിൽ
മയക്കമാവുന്നു
പതുക്കെത്തണുക്കുന്നു

□

## എം. പി. പ്രതീഷ്



കവി. ആവിയന്ത്രം, മീൻ പാത, കവിതയുടെ പുസ്തകം, മണ്ണും വെള്ളവും, സങ്കടപ്പുസ്തകം, പിറവെള്ളം, ദേശാടനങ്ങൾ തുടങ്ങി ഏഴ് കാവ്യസമാഹാരങ്ങൾ. ഇലകളും ചിറകുകളും, മുറിവുകളുടെയും ആനന്ദത്തിന്റെയും പുസ്തകം, വിത്തുമൂട, പാർപ്പിടങ്ങൾ എന്നിവ മറ്റു രചനകൾ.

## എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

P Pratheesh mp

UPI ID: mppratheesh87-1@okhdfcbank

Scan to pay with any UPI app

### Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


# പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.


ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തുരൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യൂ. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.




അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യൂആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യൂആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.




സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യൂആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014